പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.250 — 03.02.2020 ൽ മറുപടിക്ക്

**കോങ്ങാട് മണ്ഡലത്തിലെ ആർദ്രം പദ്ധതി**

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കോങ്ങാട് മണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ; | (എ) | ആർദ്രം പദ്ധതിയുടെ ആദ്യ ഘട്ടത്തിന്റെ ഭാഗമായി കോങ്ങാട് മണ്ഡലത്തിൽ മങ്കര, കല്ലടിക്കോട് എന്നീ സ്ഥാപനങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തി ഉദ്ഘാടനം കഴിഞ്ഞ് പ്രവർത്തനം ആരംഭിച്ചു.<br>രണ്ടാം ഘട്ടത്തിൽ കാഞ്ഞിരപ്പുഴ പ്രാഥമികാരോഗ്യകേന്ദ്രം -80% സിവിൽ വർക്കുകൾ പൂർത്തീകരിച്ചു. (ലാബ്, വെയിറ്റിംഗ് ഏരിയ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. )<br>കാരാകുറിശ്ശി പ്രാഥമികാരോഗ്യകേന്ദ്രം -26% സിവിൽ വർക്കുകൾ പൂർത്തീകരിച്ചു. (വെയിറ്റിംഗ് ഏരിയയുടെ വർക്ക് പുരോഗമിക്കുന്നു.)<br>മണ്ണൂർ പ്രാഥമികാരോഗ്യകേന്ദ്രം- 60% സിവിൽ വർക്കുകൾ പൂർത്തീകരിച്ചു. (ട്രസ്സ് വർക്ക്, പെയിന്റിംഗ് കഴിഞ്ഞിട്ടുണ്ട്. ലാബ് വർക്ക് നടന്നു വരുന്നു.)<br>കേരളശ്ശേരി പ്രാഥമികാരോഗ്യകേന്ദ്രം- 40% സിവിൽ വർക്കുകൾ പൂർത്തീകരിച്ചു. (വെയിറ്റിംഗ് ഏരിയ, ട്രസ്സ് വർക്ക്, ഇലക്ട്രിഫിക്കേഷൻ വർക്ക് പുരോഗമിക്കുന്നു.)<br>ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ മേൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ ആരോഗ്യകേന്ദ്രങ്ങളിലും ഒരു അസിസ്റ്റന്റ് സർജൻ, ഒരു ലാബ് ടെക്നീഷ്യൻ, സ്റ്റാഫ് നഴ്സ് ഗ്രേഡ് II എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | ആർദ്രം പദ്ധതിയുടെ ഭാഗമായി പുതിയ എന്തെങ്കിലും നിർദ്ദേശം ഈ മണ്ഡലത്തിലേക്കായി പരിഗണനയിലുണ്ടോ; എങ്കിൽ വിശദ വിവരം നൽകാമോ? | (ബി) | വിവിധ വകുപ്പുകളുടേയും പഞ്ചായത്തുകളുടേയും നേതൃത്വത്തിൽ ആർദ്രം ജനകീയ ക്യാമ്പയിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

Hari

സെക്ഷൻ ഓഫീസർ